ചേർത്തു.

"എന്തിനാ അപ്പുക്കിളി പേടിയ്ക്കണത്? ഒക്കെ കിളിടെ ചങ്ങാതിമാരല്ലേ?"

"എൻറടത്ത് വന്നിരിയ്ക്ക്, ക്ളിയേ," കുട്ടികൾ വിളിച്ചു. "ഇബടെ വായോ."

മാധവൻനായർ ഇറങ്ങാൻ ഭാവിച്ചപ്പോൾ കിളി നിലവിളിയായി, "എന്നിം കൊന്ത്പോതാ, മാതവേ്ത്തോ!"

"ഖകമേ!" മാധവൻനായർ പറഞ്ഞു, "നീയ്യെൻെറ മാനം കളഞ്ഞൂലോഡാ!"

ഒരണയ്ക്ക് കടലമുറുക്കു വാങ്ങിക്കൊണ്ടുവരാൻ മാധവൻനായർ അലംഖാനെ പറഞ്ഞയച്ചു.

"ഡാ, പഞ്ചവർണ്ണമേ," അയാൾ പറഞ്ഞു, "ദാ, ഈ മേഷ്ടേരേട്ട* നെനക്ക് മുറുക്ക് തര്ം."

അപ്പുക്കിളി രവിയുടെ മുഖത്തേയ്ക്കു നോക്കി.

അവൻ ചോദിച്ചു, "നീയ് മുത്ക്ക് തത്വോ?"

"കിളി ബടെയിര്ന്ന് പടിച്ചാല് മുറുക്കൊക്കെ തരാ."

"കതലമുത്ക്കോ?"

"ഓ, കടലമുറുക്ക്," രവി പറഞ്ഞു, "അല്ലാ, മാധവന്നായരേ, ശല്യം കൂട്ട്വോ?"

"ഒന്ന്ം പേടിയ്ക്കണ്ടാ, മാഷ്ഷേ—ദാ അപ്പേ, ക്ളിയേ, ചതിച്ചാണ്ടാ നീയ്യ്."

കടലമുറുക്ക് വന്നപ്പോൾ അപ്പുക്കിളി തെളിഞ്ഞു.

"ഇനി ഞാമ്പോട്ടെ?" മാധവൻനായർ ചോദിച്ചു.

രവിയേയും കുട്ടികളേയും മാധവേട്ടനേയും മാറിമാറി നോക്കി, ഏതോ ഗാഢമായ സന്ദേഹമകററിയശേഷം, അപ്പുക്കിളി സമ്മതം മൂളി.

"അവിടെ ചെന്നിരിയ്ക്കൂ." രവി പറഞ്ഞു.

"ഇരിയ്ക്ക്," മാധവൻനായരും ഉപദേശിച്ചു.

അപ്പുക്കിളി മുൻവരിയിൽ സ്ഥലം പിടിച്ചു.

പോകുമ്പോൾ മാധവൻനായർ പറഞ്ഞു, "നല്ലോണം പടിയ്ക്കണം ക്ട്ട്വോഡാ, അപ്പേ. പടിച്ച് പടിച്ച് ഇഞ്ചിനീരാകണം ക്ട്ട്വോ."

അപ്പുക്കിളി ഒരിയ്ക്കൽക്കൂടി മൂളി... ക്ലാസ്സിലെ പാഠം തുടർന്നു. ബോഡിൽ ഒരു കണക്കെഴുതാനായി രവി തിരിഞ്ഞപ്പോൾ കൊച്ചു സൊഹറ പതുക്കെ കിളിയുടെ അരികത്തേയ്ക്കു നീങ്ങി. ഒരിലന്തിപ്പഴം അവൻെറ കൈയിൽ വെച്ചുകൊടുത്തിട്ട് അവൾ മെല്ലെ പറഞ്ഞു. "പേ്ടിയ്ക്കണ്ടാ ട്ടോ!"

ഒരു ദിവസം മാറാല തൂത്ത് ഞാററുപുര വെടിപ്പു വരുത്തുകയായിരുന്നു രവിയും കുട്ടികളും. അവർ ചിലന്തികളെ നായാടി. ചോക്കുകൊണ്ടു നേർവര വരച്ച് ആദ്യം അതിൽ നാലു ചത്ത ചിലന്തികളെ കിടത്തിയിരുന്നു. അപ്പുക്കിളി അവയ്ക്കരികിൽ മുട്ടുകുത്തിയിരുന്നു. എന്നിട്ട് ഒന്നിനെ കൈയിലെടുത്ത് ഊതിയൂതി ജീവിപ്പിയ്ക്കാൻ ശ്രമിച്ചു.

* മാസ്ററരേട്ടൻ. 'ഏട്ട' എന്ന പ്രയോഗം പാലക്കാടൻനായന്മാർക്കിടയിൽ സാധാരണമാണ്.



"സാർ, സാർ," കുഞ്ഞാമിന ചോദിച്ചു, "വല്യ വല്യ എട്ട്കാലിയായാ എത്ര വല്താക്ം സാർ?"

രവി പള്ളിയുടെ കൊത്തളം ചൂണ്ടിക്കാട്ടി.

"ദാ അത്ര."

"യാ, റഹമാൻ!"

ചുമരിലെ വിള്ളലുകളിൽ കൈപ്പടത്തോളംപോന്ന തവിട്ടു നിറത്തിലുള്ള ചിലന്തികൾ പാർത്തുവന്നു. അവ ചുമരിന്മേൽ പററിനില്ക്കുമ്പോൾ കടലാസ്സു ചുരുട്ടിയെറിഞ്ഞാൽ മതി. തിരിച്ചു വിള്ളലുകളിൽ മുളഞ്ഞുകൊള്ളും. പുറത്തെ ചതുപ്പുകളിലെ ചിലന്തികളാവട്ടെ, വലിയവയായിരുന്നു. ഖസാക്കിൻെറ നിബിഡമായ രാത്രിയിൽ പ്രതാപികളായി അവ പിറവി കൊണ്ടു. കാലവർഷത്തിൻെറ മുൾത്തുറവകളിൽ കറുത്ത നക്ഷത്രങ്ങളായി ഉദിച്ചു നിന്നു. കാർത്തവീര്യാർജ്ജുനനെപ്പോലെ കൈകളിട്ടു തല്ലി ചെറുചാതികളെ നായാടി വിനോദിച്ചു... എട്ടുകാലികളുടെ ദുശ്ചരിതങ്ങൾ രവി കുട്ടികൾക്കു പറഞ്ഞുകൊടുത്തു. എട്ടുകാലിപ്പെണ്ണുങ്ങൾ ഇണകളെ കൊന്നുതിന്നുക പതിവാണ്.

"യാ, റഹമാൻ!" കുട്ടികൾ പറഞ്ഞു.

ഇതുവരെ പറഞ്ഞുകൊടുത്ത കഥകളിലൊന്നിലുംതന്നെ ആരും ആരെയും തിന്നിട്ടില്ലായിരുന്നു. പക്ഷെ, പ്രകൃതിയിൽ അങ്ങിനെയാണെന്ന് രവി പറഞ്ഞു. അതാരെയും തൃപ്തിപ്പെടുത്തിയില്ല. അവസാനം കരുവു പറഞ്ഞു, "കർമ്മപലവാണ്, സാർ."

"ആ, സാർ," പലരും പറഞ്ഞു.

എല്ലാവർക്കുമറിയാവുന്ന കാര്യമാണത്. അപ്പനമ്മമാരും, മരിയ്ക്കാൻ വേണ്ടി മാത്രം കാത്തുകൊണ്ട് കീറപ്പുതപ്പുകൾക്കടിയിൽ കിടന്ന മുത്തന്മാരും മുത്തികളുമെല്ലാവരും പറഞ്ഞുകേട്ടിട്ടുള്ളതാണ്. മരിച്ചാൽ വീണ്ടും പിറക്കുമെന്ന സത്യം ഖസാക്കിലെ രാവുത്തന്മാർപോലും സമ്മതിച്ചു.

"ഞമ്മളൊക്കെ എ്ട്ട്കാലിയാക്ം സാർ," കുഞ്ഞാമിന പറഞ്ഞു.

"മൊല്ലാക്ക ഊറാമ്പുലിയാക്ം സാർ," മററാരോ പറഞ്ഞു.

"എന്തേ?" രവി ചോദിച്ചു.

"കർമ്മം," കുഞ്ഞാമിന പറഞ്ഞു. "ഈ കൊന്ന പാവം തീരണ്ടേ?"

അതോർത്ത് അവളുടെ ചുമലുകൾ കോച്ചി. അവൾ സ്വയം പറഞ്ഞു, "എന്നട്ട് നാൻ ഇബടെ ചൊകിരി* പററി ന്ക്ക്മ്പൊ മേഷ്ഷ് വന്ന്ങ്ങാണ്ട് എന്നെ തല്ലിക്കൊല്ല്ം...നമ്മള് ചാക്ണതോ എ്ട്ട്കാലി ചാക്ണതോ ജാസ്തി വേദന, ആവോപ്പാ!"

രവി അവളുടെ കൈകൾ രണ്ടും കൂട്ടിപ്പിടിച്ചു മുമ്പിൽ നിർത്തി. സുറുമ പരന്ന കവിളിൽ നിന്നു മുടിച്ചുരുളുകൾ മാടിനീക്കിക്കൊടുത്തുകൊണ്ട് അയാൾ പറഞ്ഞു, "ഞാൻ എൻെറ ആമിനക്കുട്ട്യേ കൊല്ല്വോ?"

കർമ്മപരമ്പരകളുടെ കഥ ഇങ്ങനെ അവസാനിച്ചെങ്കിലും ജന്തുശാസ്ത്രത്തിലേയ്ക്കു കടക്കാൻ രവി ബാദ്ധ്യസ്ഥനായി. പിന്നത്തെ രണ്ടു മൂന്നു ദിവസമത്രയും ക്ലാസ്സിൽ ജന്തുശാസ്ത്രം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

* ചുമരിൽ.

ജന്തുശാസ്ത്ര പഠനത്തിനിടയ്ക്കാണ് കുഞ്ഞാമിന ഒരോന്തിനെ ക്ലാസ്സിലേയ്ക്കു കൊണ്ടുവന്നത്.

"കൊട്ടപ്പാല്* കൊട്ത്ത്ട്ട്ണ്ട്, സാർ." ആവേശത്തോടെ അവൾ പടിയ്ക്കൽ നിന്നേ വിളിച്ചു പറഞ്ഞു.

കുഞ്ഞാമിന ഓന്തിനെ രവിയുടെ മുമ്പിൽ കൊണ്ടുവന്നു വിട്ടു. ഒരു കള്ളുകുടിയനെപ്പോലെ ഇത്തിരി തപ്പിത്തടഞ്ഞു നടന്ന്, ഓന്ത് മിഴിച്ചിരിപ്പായി.

"എന്തിനാ ഈ വികൃതി കാട്ടീത്?" രവി ശാസിച്ചു.

കുഞ്ഞാമിനയുടെ മുഖം മങ്ങി. എല്ലാവരുടെയും ഉത്സാഹം പെട്ടെന്നു നിലച്ചു. രവി പ്രീതിപ്പെടുമെന്നാണ് അവർ ധരിച്ചിരുന്നത്.

"ഇത് ചാവ്വോ?" രവി ചോദിച്ചു.

കുഞ്ഞാമിന ഒന്നും പറഞ്ഞില്ല. തങ്കമാതവി പറഞ്ഞു, "ചെലയപ്പൊ ചാക്ം, സാർ."

"അവ്ണീശ്*പോലെയാണ്, സാർ." ചാന്തുമുഹമ്മദ് പറഞ്ഞു. "രാസ്തി കുടിച്ചാ ചാക്ം. അല്ലെങ്കി പെഷയ്ക്ക്ം."

"എന്താ ഈ കൊട്ടപ്പാലിൻെറ കാര്യം? പറയൂ." രവി കുഞ്ഞാമിനയോടാണ് വീണ്ടും ചോദിച്ചത്. അവൾ ഉത്തരം പറഞ്ഞില്ല. മററുള്ളവരെല്ലാം ചേർന്നു പറഞ്ഞു: ഓന്തുകൾ മനുഷ്യൻെറ ചോരയീമ്പുന്നവരാണ്. കുടിയ്ക്കണമെന്നില്ല. നോക്കിയാൽ മതി. നോക്കിനോക്കി കാററിലൂടെ വലിച്ചെടുത്ത കുരുതി നുണഞ്ഞിറക്കുമ്പോഴാണ് ഓന്തു തലയാട്ടുക. അതാണ് മുൾപ്പീലിയണിഞ്ഞ ദുർമ്മുഖം പലപ്പോഴും തുടുത്തുകാണുന്നത്. ഇതും പോരാതെ ഓന്തുകൾ തുമ്പികളെ പിടിയ്ക്കുന്നു. തുമ്പികൾ മരിച്ചവരുടെ ഓർമ്മകളാണ്. ഖസാക്കിലെ കുട്ടികളാരും തന്നെ തുമ്പികളെ പിടിയ്ക്കാറില്ല, അപ്പുക്കിളിയൊഴിച്ച്. പക്ഷെ, അവൻ പൊട്ടനാണ്. ജന്മാന്തരങ്ങളറിഞ്ഞവനാണ്...അങ്ങനെ ജന്മാന്തരങ്ങളുടെ പകപോക്കാനായി കുട്ടികൾ ഓന്തിനെ കൊട്ടപ്പാലു കുടിപ്പിയ്ക്കുന്നു.

വേറെയും കാര്യങ്ങളുണ്ടായിരുന്നു.

"ഓന്ത് പൂതമാക്ക്ം, സാർ," ആദം പറഞ്ഞു.

"അതെന്താത്?"

"പൂതം," ആദം വ്യാഖ്യാനിച്ചു, "അപ്പ്ടിശൊന്നാ, ഫ്രേതം."

ആദം നിറുത്തി. അവനുതന്നെ പേടിയായി. കരുവാണ് തുടർന്നത്. മനുഷ്യരുടെമേൽ പ്രേതങ്ങൾ കുടിപാർക്കാറുണ്ട്. അവയെ പായിയ്ക്കാൻ ഓന്തുകളെ വിടുന്നു.

"പച്ചെ, പൊറത്ത് പറയാൻ പഷ്ത്ല്ല," കരുവ് പറഞ്ഞു.

ആരും കൂടുതൽ പറയാൻ തയ്യാറുണ്ടായിരുന്നില്ല. അതു ഖസാക്കിൻെറ രഹസ്യമാണ്. പ്രേതബാധിതരായ മനുഷ്യർക്കുവേണ്ടി ഖസാക്കുകാർ ആ രഹസ്യം കാത്തുപോരുന്നു.

ഇതൊക്കെ കേട്ടുകൊണ്ട് രവി ഇരിയ്ക്കെ, കുഞ്ഞാമിന ഒററതിരിഞ്ഞിരിപ്പായിരുന്നു. അവൾ വിതുമ്പുന്നതു കേട്ടാണ് രവി തിരിഞ്ഞു

---

*എസെൻസ്.

* ആവണക്കിൻെറ കറ.



നോക്കിയത്. കുഞ്ഞാമിന കരയുകയായിരുന്നു.

"അയ്യയ്യേ! ഞാൻ വല്ലതും പറഞ്ഞോ?"

ആശ്വസിപ്പിയ്ക്കാൻ ശ്രമിച്ചപ്പോൾ കരച്ചിൽ അധികമായി. സുറുമ പരന്നു താഴോട്ടൊഴുകി. റങ്കുകുപ്പായം നനഞ്ഞു. രവി അവളെ തൻെറ കസേലക്കയ്യിലേയ്ക്കു കേററിയിരുത്തി. വെള്ളിത്തണ്ടയിട്ട കാലുകൾ ആട്ടിയാട്ടി അവൾ കസേലക്കയ്യിലിരുന്നു...അപ്പുക്കിളിയാകട്ടെ, നിലത്തു മിഴിച്ചിരുന്ന ഓന്തിനെ തൊട്ടുതലോടുകയായിരുന്നു. ഓന്തിനു വീണ്ടും ബോധം തെളിഞ്ഞു. അതു വേച്ചുവേച്ചു പുറത്തേയ്ക്കു നടന്നപ്പോൾ അപ്പുക്കിളിയും പതുക്കെ പുറകെ നടന്നു. കുഞ്ഞാമിനയ്ക്കു സമാധാനമായി.

അന്നാണ് ഓന്തുകളുടെ ചരിത്രം രവി അവർക്കു പറഞ്ഞുകൊടുത്തത്. മനുഷ്യൻ ഭൂതലം പിടിച്ചുപററുന്നതിനും മുമ്പ് ഒരു കാലമുണ്ടായിരുന്നു. അന്ന് ഇവിടെ വാണിരുന്നവരാണ് ഓന്തുകൾ. കഥ ഉച്ചവരെ നീണ്ടു. കഴിഞ്ഞില്ല. എല്ലാവരും വീട്ടിലേയ്ക്കോടി, ചോറു വാരിത്തിന്ന് ക്ഷണം തിരിച്ചെത്തി. കഥ തുടർന്നു. അവർ രവിയുടെ ചുററും പൊതിഞ്ഞു. അവരുടെ മുമ്പിൽ ആ കഥയുടെ താളുകൾ അടർന്നും മറിഞ്ഞും പോയി. മുട്ടകളൊളിച്ചുവെച്ച ശിഖരപാർശ്വങ്ങളിൽ നിന്ന് ററെറോഡാക്ററെലുകൾ ആർത്തുവിളിച്ചു പറന്നുപൊങ്ങി. ഘനാലസന്മാരായ ദിനോസറുകൾ ഗിരിസാനുക്കളിലൂടെ ഇരതേടി നടന്നു. താളുകൾ വീണ്ടും മറിഞ്ഞു.

പണ്ടുപണ്ട്, ഓന്തുകൾക്കും മുമ്പ്, ദിനോസറുകൾക്കും മുമ്പ്, ഒരു സായാഹ്നത്തിൽ രണ്ടു ജീവബിന്ദുക്കൾ നടക്കാനിറങ്ങി. അസ്തമയത്തിലാറാടിനിന്ന ഒരു താഴ്വരയിലെത്തി.

ഇതിൻെറ അപ്പുറം കാണണ്ടേ? ചെറിയ ബിന്ദു വലിയതിനോടു ചോദിച്ചു.

പച്ചപിടിച്ച താഴ്വര, ഏട്ടത്തി പറഞ്ഞു. ഞാനിവിടെത്തന്നെ നില്ക്കട്ടെ.

എനിയ്ക്കു പോകണം, അനുജത്തി പറഞ്ഞു.

അവളുടെ മുമ്പിൽ കിടന്ന അനന്തപഥങ്ങളിലേയ്ക്ക് അനുജത്തി നോക്കി.

നീ ചേച്ചിയെ മറക്കുമോ? ഏട്ടത്തി ചോദിച്ചു.

മറക്കില്ല, അനുജത്തി പറഞ്ഞു.

മറക്കും, ഏട്ടത്തി പറഞ്ഞു. ഇതു കർമ്മപരമ്പരയുടെ സ്നേഹരഹിതമായ കഥയാണ്. ഇതിൽ അകൽച്ചയും ദുഃഖവും മാത്രമേയുള്ളു.

അനുജത്തി നടന്നകന്നു. അസ്തമയത്തിൻെറ താഴ്വരയിൽ ഏട്ടത്തി തനിച്ചു നിന്നു. പായൽക്കുരുന്നിൽനിന്ന് വീണ്ടുമവൾ വളർന്നു. അവൾ വലുതായി. വേരുകൾ പിതൃക്കളുടെ കിടപ്പറയിലേയ്ക്കിറങ്ങി. മൃതിയുടെ മുലപ്പാലു കുടിച്ച് ചില്ലകൾ പടർന്നു തിടംവെച്ചു. കണ്ണിൽ സുറുമയും കാലിൽ തണ്ടയുമിട്ട ഒരു പെൺകുട്ടി ചെതലിയുടെ താഴ്വരയിൽ പൂവിറുക്കാനെത്തി. അവിടെ തനിച്ചു നിന്ന ചമ്പകത്തിൻെറ ചില്ലയൊടിച്ചു പൂ നുള്ളിയെടുത്തപ്പോൾ ചമ്പകം പറഞ്ഞു, അനുജത്തീ, നീയെന്നെ മറന്നുവല്ലോ...

കുട്ടികൾ പൊയ്ക്കഴിഞ്ഞിരുന്നു. രവി കണ്ണുചിമ്മി കസേലയിൽ ചാരിയിരുന്നു. ചുററിലും ധൂപക്കൂട്ടിൻെറ മണമുയരുന്നു. ചേങ്ങലയും കുടമണിയും മുഴങ്ങുന്നു.

വേദാനുദ്ധരതേ ജഗന്നിവഹതേ
ഭൂഗോളമുദ്ബിഭ്രതേ

ദൈത്യം ദാരയതേ ബലിം ഛലയതേ
ക്ഷത്രക്ഷയം കുർവ്വതേ
പൗലസ്ത്യം ജയതേ ഹലം കലയതേ
കാരുണ്യമാതന്വതേ
മ്ലേച്ഛാന്മൂർച്ഛയതേ ദശാകൃതികൃതേ
കൃഷ്ണായ തുഭ്യം നമഃ.

കണ്ണു തെളിഞ്ഞപ്പോൾ, അകലെ ചെതലിയുടെ താഴ്വരയിൽ അസ്തമയമാണ്. ജനാലയിലൂടെ പോക്കുവെയില് അകത്തേയ്ക്കു വന്നു. അതിൻെറ സുഖജ്ജ്വരം ഞാററുപുരയിലത്രയും പരന്നു.

# 10

## ഉൾക്കിണറ്

മൈമുനയെ കെട്ടുമ്പോൾ മുങ്ങാങ്കോഴിയ്ക്ക് അൻപതു വയസ്സാണ്. അറുപതേ തോന്നിച്ചിരുന്നുള്ളുവെന്ന് കുപ്പുവച്ചനാണ് പറഞ്ഞത്...

കിണററിൽ വീണ കുടങ്ങളും കോരികകളും മുങ്ങിത്തപ്പിയെടുക്കലാണ് ചുക്രുരാവുത്തൻെറ തൊഴില്. കൊഴണശ്ശേരിയിൽ, കൊടുവായൂരിൽ, വിളയഞ്ചാത്തന്നൂരിൽ, പല്ലശ്ശേനയിൽ, കല്യാണപ്പേട്ടയിൽ, കിഴക്കൻ അതിർത്തിയായ മുതലമടവരെയും പടിഞ്ഞാറ് മങ്കര മണ്ണൂരുവരെയും ചുക്രുരാവുത്തൻ കിണറുകളന്വേഷിച്ചു നടന്നു. ഖസാക്കുകാർ അയാളെ മുങ്ങാങ്കോഴിയെന്നു വിളിച്ചു. വർഷങ്ങൾ നീങ്ങെ, ചുക്രുവെന്ന പേർ അയാൾ മറന്നു. മുങ്ങാങ്കോഴിയെന്നു വിളിച്ചാൽ വിളി കേൾക്കും. നെന്മണിയെറിഞ്ഞാൽ വന്നു കൊത്തിപ്പെറുക്കുമെന്ന് കുപ്പുവച്ചൻ പറഞ്ഞു. പേരു മറന്നു പോയതുപോലെത്തന്നെ, മുകൾപ്പരപ്പിലെ വെളിച്ചം നിറഞ്ഞ ജീവിതവും അയാൾ മറന്നു. വെള്ളി പൊട്ടും മുമ്പേ ഖസാക്കു വിട്ടാൽ പാതിര പിന്നിട്ടാണ് തിരിച്ചെത്തുക. ചിലപ്പോൾ അനവധി ദിവസങ്ങൾ കഴിഞ്ഞായിരിയ്ക്കും.

മധുവിധുവാഘോഷിക്കാൻ മുങ്ങാങ്കോഴി ഖസാക്കിലിരുന്നില്ല. വീണ്ടും കിണറുകളന്വേഷിച്ച് ഇറങ്ങിത്തിരിച്ചു. കല്യാണമുറച്ചപ്പോൾ അതു നടക്കില്ലെന്നും, നിക്കാഹ് കഴിഞ്ഞപ്പോൾ പെണ്ണിരിയ്ക്കില്ലെന്നുമൊക്കെ ആളുകൾ പറഞ്ഞതായിരുന്നു. അങ്ങനെയൊന്നുമുണ്ടായില്ല. മൈമുന ശാന്തമായിത്തന്നെ വൈവാഹികജീവിതത്തിലേർപ്പെട്ടു. തലയിൽ തട്ടനില്ലാതെ, നീലഞരമ്പോടിയ കൈകളിൽ കരിവളയിട്ട്, അവൾ പിന്നെയും നടുപ്പറമ്പിലൂടെ നടന്നു.

മുങ്ങാങ്കോഴിയുടെ കുടിലിൻെറ മുൻവശത്ത് മൈമുനയുടെ മാററപ്പീടിക കിന്നാരം പറഞ്ഞിരിക്കാൻ ഒരിടമായി. കൂട്ടിനു ചക്കരക്കാരിത്തങ്കയുമുണ്ടാവും. അല്ലെങ്കിൽ മററാരെങ്കിലുമെത്തും. ഒട്ടുമുക്കാൽ സമയവും മൈമുന അവിടെയിരിക്കും...പായലും പിടിച്ച് പാതിരയ്ക്ക് കൂടുപററുന്ന മുങ്ങാങ്കോഴിയെ അവൾ മടിയിൽ കിടത്തുകയും കൊഞ്ചിത്താലോലിയ്ക്കുകയും ചെയ്തു. അവളുടെ ദാർഢ്യമുററ കൈകളിൽ കിടന്നുറങ്ങുമ്പോൾ ഗന്ധകവാതകമൂറുന്ന നെല്ലിപ്പടികളെ അയാൾ സ്വപ്നം കണ്ടു.

ആബിദയ്ക്ക് മൈമുനയേക്കാൾ ആറേഴു വയസ്സേ കുറവുണ്ടായിരുന്നുള്ളു. പ്രഭയററ കണ്ണുകളും വിളർത്ത കവിളുകളുമുള്ള ആ പെൺകുട്ടിയ്ക്കു കൂട്ടുകാരികളുണ്ടായിരുന്നില്ല. തോട്ടുവക്കിൽ, നെടുവരമ്പിൽ, എങ്ങെങ്കിലും അവളെ